**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4207** **18-03-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ. ഭാഗം 1-ലെ ചട്ടങ്ങളുടെ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ. ഭാഗം 1-ലെ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനായി എക്സിക്യൂട്ടീവ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതിൽ നാളിതുവരെ എസ്.ആർ.ഒ. പ്രസിദ്ധീകരിക്കാത്ത ഉത്തരവുകൾ ഏതൊക്കെയാണെന്നുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | കേരള സർവ്വീസ് ചട്ടങ്ങൾ ഭേദഗതി വരുത്തുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള എക്സിക്യൂട്ടീവ് ഉത്തരവുകളും എസ്.ആർ.ഒ. വിജ്ഞാപനങ്ങളും ഉൾപ്പെടുത്തി 2016 -ൽ കേരള സർവ്വീസ് ചട്ടങ്ങളുടെ എട്ടാം എഡിഷൻ പുറത്തിറക്കിയിട്ടുണ്ട്. ഇതിന് ശേഷം പുറപ്പെടുവിച്ചിട്ടുള്ള എക്സിക്യൂട്ടീവ് ഉത്തരവുകളിൽ എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാനുള്ളവയുടെ വിശദവിവരങ്ങൾ ശേഖരിച്ചു വരുന്നു. |
| (ബി) | കെ.എസ്.ആർ. ഭാഗം 1-ൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിലെ കാലതാമസത്തിനുള്ള കാരണം വിശദീകരിക്കാമോ; | (ബി) | എക്സിക്യൂട്ടീവ് ഉത്തരവുകൾ പുറപ്പെടുവിച്ച ശേഷം തയ്യാറാക്കുന്ന കരട് എസ്.ആർ.ഒ വിജ്ഞാപനം അക്കൗണ്ടന്റ് ജനറലിന്റെയും നിയമ വകുപ്പിന്റെയും സൂക്ഷമ പരിശോധനയ്ക്ക് വിധേയമാക്കിയ ശേഷം മാത്രമാണ് വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത്. ഇതിലേക്കായി നടപടിക്രമങ്ങളുടെ ഭാഗമായ കാലതാമസം മാത്രമാണ് ഉണ്ടാകാറുള്ളത്. |
| (സി) | അപ്രകാരം 1956 മുതൽ നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ളവയിൽ ലഭ്യമായ എല്ലാ എക്സിക്യൂട്ടീവ് ഉത്തരവുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ; | (സി) | കേരള സർവ്വീസ് ചട്ടങ്ങൾ ഭേദഗതി വരുത്തുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള എക്സിക്യൂട്ടീവ് ഉത്തരവുകളും എസ്.ആർ.ഒ. വിജ്ഞാപനങ്ങളും ഉൾപ്പെടുത്തി 2016 ൽ കേരള സർവ്വീസ് ചട്ടങ്ങളുടെ എട്ടാം എഡിഷൻ പുറത്തിറക്കിയിട്ടുണ്ട്. ഇതിന് ശേഷം പുറപ്പെടുവിച്ചിട്ടുള്ള എക്സിക്യൂട്ടീവ് ഉത്തരവുകളുടെ പകർപ്പുകൾ ശേഖരിച്ച് വരുന്നു. |
| (ഡി) | കേരള സർവീസ് ചട്ടത്തിലെ ഭാഗം ഒന്നിലെ അവശേഷിക്കുന്ന ഭേദഗതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (ഡി) | കെ.എസ്.ആർ. ഭാഗം 1-ൽ അവശേഷിക്കുന്ന ഭേദഗതികൾ നടപടിക്രമങ്ങൾ പാലിച്ച് സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ